LIBRARY ARCHIVES Kerala Legislative Assembly

ലൈബ്രേറിയന്റെ തസ്തിക നികത്താൻ നടപടി

141 [3667] *ശ്രീ. പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ യൂണിവേഴ്സിറ്റി ലൈബ്രേറിയൻ തസ്തിക എന്നുമുതലാണ് ഒഴിഞ്ഞുകിടക്കുന്നത്;

(ബി) യു. ജി. സി. നിർദ്ദേശമനുസരിച്ച് ലൈബ്രേറിയന്റെ നിയമനം സംബന്ധിച്ച സ്റ്റാറ്റ്യൂട്ട് ഭേദഗതി ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ഡി) തസ്തിക നികത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 1989 മുതൽ.

(ബി)—(ഡി) യൂണിവേഴ്സിറ്റി ലൈബ്രേറിയന്റെ നിയമനത്തിന് യു. ജി. സി. നിഷ്ക്കർഷിച്ചിട്ടുള്ള യോഗ്യത നടപ്പിലാക്കുന്നതിന് കേരള യൂണിവേഴ്സിറ്റി ഓർഡിനൻസ് ഭേദഗതി ചെയ്യേണ്ടതുണ്ട്. ഇതിനുള്ള നടപടി ആരംഭിച്ചു കഴിഞ്ഞതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്.

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ പി. എസ്. സി. വഴി നിയമനം

142 [3668] *ശ്രീ. സി. മമ്മൂട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ (കേരള ഗ്രന്ഥശാലാ സംഘം) ഇപ്പോൾ ഏതെല്ലാം തസ്തികകൾ ഒഴിഞ്ഞുകിടപ്പുണ്ട്;

(ബി) അവ ഏതെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നത് പി. എസ്. സി. വഴിയാണോ;

(ഡി) അല്ലെങ്കിൽ പി. എസ്. സി. വഴി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?